**കേരള സർക്കാർ**

നം.31/ഡി സി.1/2022/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി.സി.) വകുപ്പ്
തിരുവനന്തപുരം, തീയതി: 22.02.2022

**<u>സർക്കുലർ</u>**

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് - ആരോഗ്യജാഗ്രത - പകർച്ചവ്യാധി പ്രതിരോധയജ്ഞം - ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം - മാർഗ്ഗനിർദ്ദേശങ്ങൾ

സൂചന:- 1. 02.05.2020 ലെ 46/ഡിസി1/2020/തസ്വഭവ നമ്പർ സർക്കുലർ
2. 04.01.2021 ലെ സ.ഉ (സാധാ) നം. 18/2021/തസ്വഭവ
3. 27.05.2021 ലെ സ.ഉ (സാധാ) നം. 1052/2021/തസ്വഭവ

മഴക്കാലത്തോടനുബന്ധിച്ചുള്ള പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി മുൻ വർഷങ്ങളിൽ പകർച്ചവ്യാധി വ്യാപനവും പനിമരണങ്ങളും ഗണ്യമായി കുറയ്ക്കുന്നതിന് സാധിച്ചിരുന്നു. പ്രളയാനന്തര കേരളത്തെ കെട്ടിപ്പടുക്കുന്നതിനും കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികളിൽ നിന്നും കരകയറുന്നതിനുമിടയിൽ മഴക്കാലവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പകർച്ചവ്യാധികളേയും കോവിഡിനെ സധൈര്യം നേരിട്ട മാതൃകയിൽ തന്നെ പ്രതിരോധിക്കേണ്ടതുണ്ട്. ആയതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തവുംകൂടി ഉറപ്പാക്കി 2022 ലെ ആരോഗ്യ ജാഗ്രതാ-പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ 'ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്തപരിസരം' എന്ന പേരിൽ ക്യാമ്പയിനായി നടപ്പാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. അശാസ്ത്രീയ മാലിന്യ പരിപാലനം പകർച്ചവ്യാധികൾക്കും ജലസ്രോതസുകളുടെ മലിനീകരണത്തിനും കാരണമാകുന്നുണ്ടെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലും ദേശീയ ഹരിത ട്രൈബ്യൂണലിന്റെ കർശന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും സൂചന (2) പ്രകാരമുള്ള തദ്ദേശ പ്ലാസ്റ്റിക് മാലിന്യപരിപാലന ഉപനിയമാവലിയുടെ അടിസ്ഥാനത്തിലും മാലിന്യ സംസ്കരണത്തിന് സംവിധാനമൊരുക്കി നിയമ ലംഘനം നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചും മുന്നോട്ടു പോകേണ്ടതുണ്ട്. മാലിന്യ സംസ്കരണവും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളും നിയമപരമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയുമാണ്. സംസ്ഥാനത്തൊട്ടാകെ തദ്ദേശ സ്വയംഭരണ വകുപ്പും ആരോഗ്യ വകുപ്പും ബന്ധപ്പെട്ട ഇതര വകുപ്പുകളുടെയും ഏജൻസികളുടേയും മിഷനുകളുടേയും സഹകരണത്തിൽ ബഹുജന പ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് മാലിന്യ സംസ്കരണ ശുചീകരണ പ്രവർത്തനങ്ങളും കൊതുക് നിവാരണ പ്രവർത്തനങ്ങളും ക്യാമ്പയിനിന്റെ ഭാഗമായി സംഘടിപ്പിക്കണം. ഗാർഹികതലം, സ്ഥാപനതലം, പൊതുതലം എന്നിങ്ങനെ മൂന്നു തലങ്ങളിലായി ക്യാമ്പയിൻ പ്രവർത്തനമേഖലകൾ തരംതിരിച്ച് കൊണ്ട് വാർഡ്തല ആരോഗ്യ-ശുചിത്വ-പോഷണ സമിതിയുടെ നേതൃത്വത്തിൽ കൃത്യമായ ആസൂത്രണവും മതിയായ ഏകോപനവും ഉറപ്പാക്കി യോജിച്ചുള്ള പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. ആയതിന് അനിവാര്യമായ

ധനസഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വാർഡുതല സമിതികൾക്ക് ലഭ്യമാക്കി മേൽ പ്രവർത്തനങ്ങൾ ലക്ഷ്യത്തിലെത്തിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഫീൽഡ്തല പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ നേതൃത്വവും ഏകോപനവും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്.

**1 പ്രധാന ഘടകങ്ങൾ**

- ആരോഗ്യ ജാഗ്രതാ 2022 ലെ ക്യാമ്പയിനിൽ പ്രധാനമായും താഴെപ്പറയുന്ന ഘടകങ്ങൾ ഉൾക്കൊള്ളുന്നു.
- ഓരോ വീടിലും സ്ഥാപനത്തിലും പൊതുവിടത്തിലും മാലിന്യമുക്ത പരിസരം ഉറപ്പാക്കുന്ന പ്രായോഗിക പ്രവർത്തനവും അതിലൂടെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് തടയുന്നതിനുള്ള അവസ്ഥാ വിലയിരുത്തലും.
- ആരോഗ്യ സുരക്ഷയ്ക്കും പരിസ്ഥിതിയ്ക്കും ദോഷം ചെയ്യുന്ന തരത്തിൽ മാലിന്യം വലിച്ചെറിയുക, കത്തിക്കുക, നിക്ഷേപിക്കുക എന്നിവ ചെയ്യുന്നവർക്കെതിരെ നിലവിലുള്ള നിയമങ്ങൾ അനുസരിച്ചും തദ്ദേശ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി പ്രകാരവും കർശന നിയമനടപടികൾ സ്വീകരിക്കൽ.
- മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും സംസ്കരണം ശാസ്ത്രീയമാക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കിയ സർക്കാർ ഓഫീസുകളുടെ വിലയിരുത്തൽ നടത്തി അംഗീകാരം നൽകുന്നതോടൊപ്പം സ്വകാര്യ സ്ഥാപനങ്ങളിലും പൊതുപരിപാടികളിലും ആഘോഷങ്ങളിലും ഉത്സവങ്ങളിലും വിവാഹങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ നടപ്പാക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്വീകരിക്കൽ.
- ഹരിതകർമ്മസേനയെ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് വീടുവീടാന്തരവും സ്ഥാപനങ്ങളിലും ബോധവൽക്കരണ പ്രവർത്തനങ്ങളും വാതിൽപ്പടി ശേഖരണവും ഉറപ്പാക്കൽ.
- ക്ലീൻ കേരള കമ്പനിയുടെ സേവനം പ്രയോജനപ്പെടുത്തികൊണ്ട് സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിച്ച് പരമാവധി പാഴ്വസ്തുക്കളും പഴയ ഫർണീച്ചറും ഇ-മാലിന്യങ്ങളും തരംതിരിച്ച് നീക്കം ചെയ്യൽ.
- ഉറവിട മാലിന്യ സംസ്കരണത്തിനുള്ള മാതൃകകളെ പൊതുജന ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നതിനും അവയെ ശീലവത്കരണത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുമുള്ള ആസൂത്രണവും പ്രവർത്തനവും.
- മാലിന്യം തരംതിരിക്കൽ സംബന്ധിച്ച പ്രചരണ പ്രവർത്തനങ്ങൾ
- മാലിന്യ സംസ്കരണ നിയമലംഘനങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം, സ്ക്വാഡുകളുടെ രൂപീകരണം, കാര്യക്ഷമമായ പ്രവർത്തനം.
- സമ്പൂർണ്ണ ജലശുചിത്വയജ്ഞ പ്രചാരണ പരിപാടിയുടെ ഭാഗമായി ജലാശയങ്ങളെ മാലിന്യമുക്തമാക്കുന്നതിനായി "തെളിനീർ ഒഴുകും നവകേരളം" പദ്ധതി വിപുലമായി നടപ്പാക്കുക.
- ഒറ്റത്തവണ ഉപയോഗിച്ചു വലിച്ചെറിയുന്ന പ്ലാസ്റ്റിക്കിന്റെയും ക്യാരിബാഗുകളുടെയും നിരോധനം കർശനമായി നടപ്പാക്കണം.

## 2. ആസൂത്രണം

'ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തന ആസൂത്രണമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തേണ്ടത്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും നിലവിലുള്ള അവസ്ഥ അടിസ്ഥാനപ്പെടുത്തി വേണം ആസൂത്രണ പ്രവർത്തനങ്ങൾ നടത്തേണ്ടത്. 50 വീടുകൾ/സ്ഥാപനങ്ങൾ അടങ്ങുന്ന ഒരു ക്ലസ്റ്റർ, വാർഡുതലം, തദ്ദേശ സ്വയംഭരണതലം എന്ന തരത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

- ഓരോ വാർഡിലും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ജനപ്രതിനിധികളുടെ നേതൃത്വത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലയിലും സന്നദ്ധ പ്രവർത്തകർ, രാഷ്ട്രീയ പാർട്ടികൾ, സാമൂഹ്യ സംഘടനകൾ, എൻ.ജി.ഒ.കൾ, സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടുംബശ്രീ, വ്യാപാരി വ്യവസായികൾ, റസിഡൻറ്സ് അസോസിയേഷനുകൾ, കലാ-കായിക, സാംസ്കാരിക സംഘടനകൾ തുടങ്ങി കൂട്ടിയോജിപ്പിക്കാൻ കഴിയുന്ന മുഴുവൻ സംഘടനകളെയും സ്ഥാപനങ്ങളെയും പ്രവർത്തന പങ്കാളികളാക്കണം. കൂടാതെ ഓരോ അനുബന്ധ വകുപ്പിന്റേയും നേതൃത്വത്തിൽ നടക്കേണ്ട പ്രവർത്തനങ്ങളും കൃത്യമായി ആസൂത്രണം ചെയ്യേണ്ടതാണ്.
- വാർഡുതല ആരോഗ്യ-ശുചിത്വ-പോഷണ സമിതിയിൽ ഹരിതകർമ്മസേന പ്രവർത്തകരെ കൂട്ടിച്ചേർത്ത് പുനഃസംഘടിപ്പിച്ച് ഈ ക്യാമ്പയിൻ പ്രവർത്തനം ഏറ്റെടുക്കാൻ സജ്ജമാക്കേണ്ടതാണ്.
- ഇതിനായി വാർഡുതതല ആരോഗ്യ-ശുചിത്വ-പോഷണ സമിതി യോഗം ചേർന്ന് ഓരോ വാർഡിലെയും വീടുകളിലും, സ്ഥാപനങ്ങളിലും, ജലാശയങ്ങളിലും, പൊതുയിടങ്ങളിലുമുള്ള പ്രധാന ശുചിത്വ-മാലിന്യ-പൊതുജനാരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി, അവ പരിഹരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.
- ഇതിനായി ഓരോ 50 വീടുകളെ/സ്ഥാപനങ്ങളെ വീതം ഉൾപ്പെടുത്തി ക്ലസ്റ്ററുകൾ രൂപീകരിക്കണം. ഓരോ ക്ലസ്റ്ററിനും ആനുപാതികമായി ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ച് ശുചിത്വ മാപ്പിംഗും മൈക്രോ ലെവൽ കർമ്മപരിപാടികളും ആസൂത്രണം ചെയ്യണം.
- മൈക്രോലെവൽ കർമ്മപരിപാടികളെ വാർഡുതലത്തിലും തുടർന്ന് പഞ്ചായത്ത്/നഗരസഭാതലത്തിലും ഏകോപിപ്പിച്ച് തദ്ദേശ സ്ഥാപന ഭരണ സമിതിയുടെ അംഗീകാരം നേടണം.
- ജില്ല/നഗരസഭ/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലങ്ങളിലെ പ്രസിഡൻറ്/ ചെയർപേഴ്സൺമാരുടെ അധ്യക്ഷതയിലും അതാത് മെഡിക്കൽ ഓഫീസർമാർ കൺവീനറായും ഉള്ള ആരോഗ്യ ജാഗ്രതാ സമിതികളേയും ഇൻറർസെക്ടറൽ സമിതികളുടേയും യോഗങ്ങളും നടക്കുന്നുവെന്നും ഇക്കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുന്നുവെന്നും ഉറപ്പാക്കണം.
- ആസൂത്രണ, സംഘാടന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും അതാത് സെക്രട്ടറി കൺവീനർ ആയിരിക്കും.
- ജില്ലയിലെ പ്രവർത്തനങ്ങളാകെ അതാത് ജില്ലാ ചുമതലയുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ ക്രോഡീകരിച്ച് ആസൂത്രണം ചെയ്യുന്നതും നിർവഹണ പുരോഗതി അവലോകനം ചെയ്യുന്നതുമായിരിക്കും. ശുചിത്വ പദവി നിർണയത്തിനുശേഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അവസ്ഥ വിലയിരുത്തിയിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിലുള്ള ഘടകങ്ങൾ കൂടി വിലയിരുത്തലിൽ ഉൾപ്പെടുത്തണം.

- ജില്ലാകളക്ടർമാരുടെ അധ്യക്ഷതയിൽ ജനപ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ യോഗങ്ങൾ സംഘടിപ്പിക്കുകയും ഉത്തരവാദിത്വങ്ങൾ നൽകുകയും വേണം.
- ജില്ലാ കളക്ടർ ചെയർമാനും ജില്ലാ മെഡിക്കൽ ഓഫീസർ വൈസ് ചെയർമാനും, ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ കൺവീനറുമായി ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരടങ്ങുന്ന കോർകമ്മിറ്റിയും ജില്ലാതലത്തിൽ രൂപീകരിക്കണം.

## 3. പങ്കാളിത്തം

കുടുംബശ്രീ എ.ഡി.എസ്, സി.ഡി.എസ് അംഗങ്ങൾ, ആശാ പ്രവർത്തകർ, ഹരിതകർമ്മസേന, റെസിഡൻസ് വെൽഫെയർ അസോസിയേഷനുകൾ, റാപിഡ് റെസ്പോൺസിബിലിറ്റി ടീം (RRT), എൻ.ജി.ഒ.കൾ, എൻ.എസ്.എസ്, എൻ.സി.സി, ഭാരത് സ്കൗട്ട്സ് ആൻറ് ഗൈഡ്സ്, എസ്.പി.സി, യുവജനസംഘടനകൾ, യൂത്ത് ക്ലബുകൾ, വ്യാപാരി വ്യവസായികൾ തുടങ്ങിയവ.

## 4. കർമ്മപദ്ധതി തയ്യാറാക്കൽ

ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം ക്യാമ്പയിനിന്റെ കർമപരിപാടി ആവിഷ്കരിക്കുന്നതിനും അവതരിപ്പിക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ അവയുടെ ഫലപ്രദമായ നടത്തിപ്പിനും വേണ്ടി ജില്ല, ഗ്രാമപഞ്ചായത്ത്, നഗരസഭാതല ശിൽപ്പശാലകൾ, വാർഡുതല ശിൽപ്പശാലകൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിൽ തദ്ദേശ സ്വയംഭരണ വകുപ്പിലേയും ആരോഗ്യ വകുപ്പിലേയും ബന്ധപ്പെട്ട മിഷനുകളിലേയും അനുബന്ധ വകുപ്പുകളിലേയും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുക്കേണ്ടതാണ്. ആയതിന്റെ ക്രമം ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമനം | തലം | പങ്കെടുക്കേണ്ടവർ | അവതരണം | സംഘാടനം |
|---|---|---|---|---|
| 1 | ജില്ലാതലം | ജില്ലാ മേധാവികൾ - ആരോഗ്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, നഗരകാര്യം, പഞ്ചായത്ത്, വിദ്യാഭ്യാസം, കൃഷി, സാമൂഹികനീതി, മൃഗസംരക്ഷണം, ക്ഷീരവികസനം, പൊതുമരാമത്ത്, ഇറിഗേഷൻ, ജലവിഭവം/ജല അതോറിറ്റി, തൊഴിൽ, ഫിഷറീസ് വകുപ്പ്, ശുചിത്വമിഷൻ, കുടുംബശ്രീ മിഷൻ, ഹരിതകേരളം മിഷൻ, ക്ലീൻ കേരള കമ്പനി - പ്രസ്തുത വകുപ്പുകളുടെ ജില്ലാതല ഉദ്യോഗ സ്ഥർ - തദ്ദേശ | ജില്ലാ മെഡിക്കൽ ഓഫീസർ | ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ |

| | | | | |
|---|---|---|---|---|
| | | സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷർ, ആരോഗ്യ സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻമാർ, സെക്രട്ടറിമാർ | | |
| 2 | തദ്ദേശ സ്വയം ഭരണ സ്ഥാപന തലം | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷർ, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സണുകൾ, സെക്രട്ടറിമാർ, ആരോഗ്യ-ശുചിത്വ-പോഷക സമിതി ചെയർപേഴ്സണുകൾ, കൺവീനർമാർ, അംഗങ്ങൾ, മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് ഓഫീസർ/ഹെൽത്ത് സൂപ്പർ വൈസർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, അനുബന്ധ വകുപ്പുകളുടെ ഉദ്യോഗസ്ഥർ. | മെഡിക്കൽ ഓഫീസർ | തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി |
| 3 | വാർഡുതല ശുചിത്വ സ്ക്വാഡ് | ശുചിത്വ സ്ക്വാഡ് അംഗങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡൻറ് വെൽഫെയർ അസോസിയേഷനുകൾ, വ്യാപാരി വ്യവസായികൾ, ഓഡിറ്റോറിയം-റസ്റ്റാറൻറ് ഉടമകൾ | ഹെൽത്ത് ഇൻസ്പെക്ടർ /ജൂനിയർ ഹെൽത്ത് ഇൻസ്പെ ക്ടർ | തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി |

മേൽ ക്രമപ്രകാരം കമ്മിറ്റികൾ രൂപീകരിക്കേണ്ടതും സർക്കാർ മാർഗരേഖ പ്രകാരമുള്ള ഓറിയൻറേഷൻ നടത്തി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലേയും വാർഡുതലത്തിലേയും കർമപദ്ധതികൾ തയ്യാറാക്കേണ്ടതുമാണ്.

### 5. കർമ്മ പദ്ധതിയിലുൾപ്പെടുത്തേണ്ട ഘടകങ്ങൾ

### എ. മുന്നൊരുക്ക പ്രവർത്തനങ്ങൾ

- വാർഡുതല ആരോഗ്യ-ശുചിത്വ-പോഷണ സമിതി യോഗം ചേരൽ
- ഓരോ വാർഡിലും 50 വീടുകൾ/സ്ഥാപനങ്ങൾ ഉൾപ്പെടുത്തി ക്ലസ്റ്ററുകൾ രൂപീകരിക്കൽ
- ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണം
- ശുചിത്വ സ്ക്വാഡുകൾക്ക് പരിശീലനം നൽകൽ
- ശുചിത്വ മാപ്പിംഗ് നടത്തൽ
- വാർഡുതല മൈക്രോപ്ലാനുകൾ തയ്യാറാക്കൽ

- ശുചിത്വ സ്ക്വാഡുകളുടെ പ്രവർത്തന/സന്ദർശന റിപ്പോർട്ടിംഗ്

**ബി. മാലിന്യ പരിപാലനം**

- വീടുകളിൽ/സ്ഥാപനങ്ങളിൽ മാലിന്യം തരംതിരിക്കുന്നതിന് വേണ്ട പ്രചരണ പ്രവർത്തനങ്ങൾ, ആസൂത്രണം ചെയ്യുക
- ഹരിതകർമ്മസേനയെ ഉപയോഗിച്ച് പാഴ്വസ്തുക്കളുടെ വാതിൽപ്പടി ശേഖരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ
- ശേഖരിക്കുന്ന പാഴ്വസ്തുക്കൾ ക്ലീൻ കേരള കമ്പനി വിഭാവനം ചെയ്യുന്ന രീതിയിൽ തരംതിരിച്ച് കൈമാറുന്ന പ്രവർത്തനങ്ങൾ
- ഓരോ വീടുകളിലും/സ്ഥാപനങ്ങളിലും അഴുകുന്ന മാലിന്യ സംസ്കരണത്തിന് സംവിധാനമുണ്ടെന്ന് ഉറപ്പാക്കൽ
- മാലിന്യം വലിച്ചെറിയുന്നവരേയും കത്തിക്കുന്നവരേയും കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ
- നിയമലംഘനം കണ്ടെത്തുന്നതിന് പ്രത്യേക ഔദ്യോഗിക സ്ക്വാഡുകളുടെ രൂപീകരണം, ജനകീയ സ്ക്വാഡുകൾക്ക് രൂപം നൽകൽ (റസിഡൻറ്സ് വെൽഫെയർ അസോസിയേഷനുകൾ, വിദ്യാർത്ഥികൾ എന്നിവരെ ഉൾപ്പെടുത്തി)
- സാമൂഹ്യ വിലയിരുത്തൽ സമിതി മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ വിലയിരുത്തി തദ്ദേശ സ്ഥാപനത്തിന് റിപ്പോർട്ട് ചെയ്യുന്നതിന് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും റിപ്പോർട്ടിംഗ് കമ്മറ്റി രൂപീകരിക്കൽ. കമ്മറ്റിയിൽ എൻ.എസ്.എസ്, എൻ.സി.സി, എസ്.പി.സി എന്നിവരുടെ ചുമതലയുള്ള സ്കൂൾ/കോളേജ് അധ്യാപകർ, കേഡറ്റുകൾ, സന്നദ്ധ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ, യൂത്ത് വോളണ്ടിയർമാർ എന്നിവരെ ഉൾപ്പെടുത്തണം. ഗ്രാമപഞ്ചായത്തുകളിൽ 5-10, നഗരസഭയിൽ 10-15, കോർപ്പ റേഷനുകളിൽ 15-20 പേരടങ്ങുന്ന വിധത്തിൽ സമിതികൾ രൂപീകരിക്കണം. ഈ കമ്മിറ്റിക്ക് ഒരു സന്നദ്ധ പ്രവർത്തകനെ കൺവീനറായി നിയോഗിക്കണം. സ്വതന്ത്രമായി വിലയിരുത്തൽ നടത്തി റിപ്പോർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന് നൽകേണ്ടതാണ്.
- ശുചീകരണ യജ്ഞം നടപ്പാക്കൽ:- ഓരോ വാർഡിലും വാർഡുതല സമിതിയുടെ നേതൃത്വത്തിൽ ശുചീകരണ ജീവനക്കാർ, ഹരിതകർമ്മസേന, വിദ്യാർത്ഥികളുടെ സംഘടനകൾ, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ ബാലസഭാംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ശുചീകരണ യജ്ഞം നടത്തുന്നതിനുള്ള കലണ്ടർ രൂപീകരിക്കൽ
- ശുചീകരണ ശേഷം വീടുകൾ, സ്ഥാപനങ്ങൾ, പൊതുയിടങ്ങളിൽ നിന്നും പാഴ്വസ്തുക്കൾ ഏറ്റെടുത്ത് തരംതിരിച്ച് വൃത്തിയാക്കി ക്ലീൻ കേരള കമ്പനിക്കോ അംഗീകൃത ഏജൻസികൾക്കോ കൈമാറുന്ന നടപടികൾ
- തരംതിരിച്ച് ശേഖരിക്കുന്ന അജൈവ പാഴ്വസ്തുക്കൾ സൂക്ഷിക്കുന്നതിന് മിനി എം.സി.എഫുകൾ, എം.സി.എഫുകൾ നിർമിക്കൽ.
- "തെളിനീർ ഒഴുകും നവകേരളം" പദ്ധതിയുടെ ഭാഗമായി ഓരോ പ്രദേശത്തേയും ജലാശയങ്ങൾ, നീർച്ചാലുകൾ എന്നിവയുടെ തൽസ്ഥിതി പഠനവും മാപ്പിങ്ങും നടത്തണം. പൊതുജലാശയങ്ങളിലേയ്ക്ക് മാലിന്യം ഒഴുകിവരുന്ന സ്ഥലങ്ങൾ പ്രത്യേകം മാപ്പിംഗ് നടത്തുകയും ഇവ ഒഴിവാക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കുകയും വേണം

## സി. കൊതുക നിവാരണം

- വെള്ളം കെട്ടികിടക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ കൊതുകുകളുടെ ഉറവിട നിർമാർജനം നടത്തൽ
- ഓടകൾ, കാനകൾ എന്നിവ വൃത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ
- വീട്ടുകൾ/സ്ഥാപനങ്ങൾ/പൊതുയിടങ്ങൾ സന്ദർശിച്ച് കൊതുക് മുട്ടയിട്ട് വളരുന്നതിനുളള സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ
- ജലസ്രോതസുകളുടെ ക്ലോറിനേഷൻ നടപടികൾ
- ഡ്രൈ ഡേ ആചരിക്കൽ ഉറപ്പാക്കുക.

## ഡി. മലിനജലം ശാസ്ത്രീയമായി സംസ്കരിക്കൽ

- ശുചിമുറികൾ, വാഷ്ബേസിനുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള മലിനജലം കെട്ടിക്കിടക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതും അവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് സോക്കേജ് പിറ്റുകൾ നിർമിക്കേണ്ടതുമാണ്.
- മലിനമായ ജലസ്രോതസുകൾ മാപ്പ് ചെയ്യുകയും അവയിലെ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള ബഹുജന പങ്കാളിത്തത്തോടെയുള്ള പദ്ധതി തയ്യാറാക്കി നടപ്പാക്കുകയും വേണം

## ഇ. ജലസ്രോതസുകളുടെ ശുചീകരണം

- മഴക്കാലപൂർവ ശുചീകരണത്തിൽ ജലസ്രോതസുകളുടെ ശുചീകരണം ഏറെ പ്രധാനമാണ്. അതുകൊണ്ട് ഇനി ഞാൻ ഒഴുകട്ടെ എന്ന പേരിൽ നടത്തുന്ന നീർച്ചാൽ ശുചീകരണ പ്രവർത്തനവും ഇതോടൊപ്പം തന്നെ നടത്തണം.
- പഞ്ചായത്ത്/നഗരസഭ-മലിനപ്പെട്ടുകിടക്കുന്ന നീർച്ചാലുകൾ/ തോടുകൾ/ കുളങ്ങൾ ശുചീകരിക്കേണ്ടവയുടെ പട്ടിക തയ്യാറാക്കുക
- ഓരോന്നിൻറേയും ശുചീകരണ പ്രവർത്തനത്തിനുള്ള കർമ്മപദ്ധതി തയ്യാറാക്കണം
- നീർച്ചാലുകളിൽ ഇറങ്ങുന്നവർക്ക് ഗ്ലൗസ്, ബൂട്ട്, മാസ്ക് പോലെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഉറപ്പാക്കണം
- നീർച്ചാലുകളിൽ ഇറങ്ങുന്നതിന് മുമ്പ് സന്നദ്ധ പ്രവർത്തകർക്കും തൊഴിലാളികൾക്കും എലിപ്പനി പോലെയുള്ള രോഗങ്ങൾ വരാതിരിക്കാനുള്ള പ്രതിരോധ നടപടികൾ പ്രാഥമികാരോഗ്യ കേന്ദ്രവുമായി ബന്ധപ്പെട്ട് ഉറപ്പാക്കണം
- ഈ പ്രവർത്തനങ്ങൾ നടത്തുമ്പോൾ മാലിന്യ പരിപാലനത്തിന്റെ കാര്യത്തിൽ വലിയ ശ്രദ്ധ വേണം. നീർച്ചാൽ പുനരുജ്ജീവനത്തിന്റെ ഭാഗമായി ലഭ്യമാകുന്ന ജൈവ-അജൈവമാലിന്യങ്ങൾ പരമാവധി തരംതിരിച്ച് ശേഖരിക്കാൻ ശ്രമിക്കണം
- ഇതിൽതന്നെ അജൈവ മാലിന്യങ്ങൾ പരമാവധി തരംതിരിച്ച് ശേഖരിക്കാൻ ശ്രമിക്കണം. പുന:ചംക്രമണ സാധ്യമായ പാഴ്വസ്തുക്കൾ ഹരിതകർമ്മസേന വഴി പുന:ചംക്രമണ ഏജൻസിയ്ക്ക് നൽകാവുന്നതാണ്.
- ജൈവമാലിന്യങ്ങൾ സുരക്ഷിതമായി കമ്പോസ്റ്റ് ചെയ്യണം
- കൂടികലർന്ന (ജൈവം+അജൈവം) വേസ്റ്റുകൾ നീർച്ചാലുകളിൽ നിന്നും എടുത്ത ശേഷം ഏതാനും ദിവസം നന്നായി വെയിൽ കിട്ടുന്ന സ്ഥലത്ത് ഉണക്കി ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറണം. സർക്കാർ നിശ്ചയിക്കുന്ന സംസ്കരണ ഫീസ് ഇതിനായി ക്ലീൻ കേരള കമ്പനിയ്ക്ക് നൽകണം

- നീർച്ചാലിൽ നിന്നും നീക്കം ചെയ്യുന്ന മണ്ണും ചെളിയും തിരിച്ച് ഒരു കാരണവശാലും അവയിലേയ്ക്ക് തിരിച്ചെത്തുന്നില്ല എന്ന് ഉറപ്പാക്കികൊണ്ട് ബണ്ടുകൾ ബലപ്പെടുത്തുന്നതിനായി ഉപയോഗിക്കാം. കൃഷിക്കായി ഉപയോഗിക്കാം (എന്നാൽ ഇതിന്റെ ഭാഗമായി വയലുകളും തണ്ണീർത്തടങ്ങളും നികത്ത പ്പെടാൻ ഇടവരരുത്)
- ജലാശയത്തിൽ മാലിന്യ നിക്ഷേപം നടത്തുന്നവരെ കണ്ടെത്തി ശക്തമായ നിയമനടപടികൾ സ്വീകരിക്കൽ. ആയത് മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കൽ
- മാലിന്യം നീക്കി ജലസ്രോതസുകളിലെ നീരൊഴുക്ക് സുഗമമാക്കൽ

**എഫ്. ക്ലീൻ കേരള കമ്പനിയുടെ സേവനം പ്രയോജനപ്പെടുത്തൽ**

- ക്ലീൻ കേരള കമ്പനിയുടെ കലണ്ടർ പ്രകാരം പാഴ്വസ്തുക്കൾ ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കൽ
- ഹരിതകർമ്മസേന ശേഖരിക്കുന്ന പാഴ്വസ്തുക്കൾ ക്ലീൻ കേരള കമ്പനിയുടെ മാർഗ്ഗരേഖ പ്രകാരം തരംതിരിച്ച് വേഗത്തിൽ കൈമാറുന്നതിനുള്ള നടപടികൾ
- പ്രത്യേക ശേഖരണ ഡ്രൈവ് സംഘടിപ്പിച്ച് ഇ-മാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് കൈമാറുന്നതിനുള്ള നടപടികൾ
- ലെഗസി വേസ്റ്റ് (കൂട്ടിക്കലർത്തിയ മാലിന്യം) ഭാരത്തിനനുസരിച്ച് കിലോഗ്രാം നിരക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് വില നൽകി മാത്രമേ നീക്കം ചെയ്യാൻ സാധിക്കുകയുള്ളൂ. ആയത് പരമാവധി ഒഴിവാക്കി വൃത്തിയാക്കിയും, തരംതിരിച്ചും, ഉണക്കിയതുമായ പാഴ്വസ്തുക്കൾ ക്ലീൻ കേരള കമ്പനിയ്ക്ക് നൽകി പണം നേടുന്ന രീതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്.
- നീക്കം ചെയ്യേണ്ട ലെഗസി മാലിന്യത്തിന്റെ തൂക്കം കണക്കാക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ പ്രത്യേകം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി നടപടി സ്വീകരിക്കേണ്ടതാണ്.
- സർക്കാർ ഓഫീസുകൾ, ആശുപത്രികൾ, സ്കൂളുകൾ, കോളേജുകൾ എന്നിവിടങ്ങളിൽ നിന്നും തരംതിരിച്ച പാഴ്വസ്തുക്കൾ, ഇ-മാലിന്യങ്ങൾ എന്നിവ ക്ലീൻ കേരള കമ്പനിയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക ശേഖരണ ഡ്രൈവ് നടത്തി സംഭരിച്ച് കൈമാറണം
- ശേഖരണ പ്രക്രിയ പൂർണമായും പൂർത്തിയാക്കിയശേഷം ഒറ്റത്തവണയായി ക്ലീൻ കേരള കമ്പനി മുഖാന്തരം മാലിന്യ നീക്കം നടത്തേണ്ടതാണ്.

**ജി. സാമൂഹ്യ വിലയിരുത്തൽ നടപടി**

മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ വിലയിരുത്തി തദ്ദേശ സ്ഥാപനത്തിന് റിപ്പോർട്ട് ചെയ്യുന്നതിന് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും റിപ്പോർട്ടിങ് കമ്മിറ്റി രൂപീകരിക്കൽ, കമ്മറ്റിയിൽ എൻ.എസ്.എസ്, എൻ.സി.സി, എസ്.സി.പി. എന്നിവരുടെ ചുമതലയുള്ള സ്കൂൾ/കോളേജ് അധ്യാപകർ, കേഡറ്റുകൾ, സന്നദ്ധ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ, യൂത്ത് വോളണ്ടിയർമാർ എന്നിവരെ ഉൾപ്പെടുത്തണം. ഗ്രാമപഞ്ചായത്തുകളിൽ 5, 10 പേരടങ്ങുന്ന വിധത്തിൽ സമിതികൾ രൂപീകരിക്കണം. ഈ കമ്മിറ്റിക്ക് ഒരു സന്നദ്ധ പ്രവർത്തകനെ കൺവീനറായി നിയോഗിക്കണം. സ്വതന്ത്രമായി വിലയിരുത്തൽ നടത്തി റിപ്പോർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന് നൽകേണ്ടതാണ്.

### 6. കർമപദ്ധതി തയ്യാറാക്കിയതിന് ശേഷം നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ

- വാർഡുതല ആരോഗ്യ-ശുചിത്വ-പോഷണ സമിതി പ്രത്യേകം യോഗം ചേരലും വാർഡുതല ശുചിത്വ കൂട്ടായ്മ സംഘടിപ്പിക്കലും
- ശുചിത്വ സ്ക്വാഡുകളുടെ പ്രവർത്തനരീതിയും പ്രവർത്തന കലണ്ടറും തയ്യാറാക്കൽ
- ക്ലസ്റ്ററുകളുടെ രൂപീകരണം
- വാർഡുതല ശുചിത്വ മാപ്പിങ്ങും മൈക്രോലെവൽ കർമ്മപദ്ധതി തയ്യാറാക്കി നടപ്പാക്കലും
- ശുചിത്വമാപ്പിങ്ങിലൂടെ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയെന്ന് ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കൽ
- ക്ലസ്റ്ററുകളിൽപ്പെടുന്ന വീടുകളേയും സ്ഥാപനങ്ങളേയും പൊതുയിടങ്ങളേയും സംബന്ധിച്ച് ശുചിത്വസ്ക്വാഡുകൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ
- സാമൂഹ്യ വിലയിരുത്തൽ സമിതി കർമ്മപദ്ധതി നടപ്പാക്കുന്നത് നിരന്തര വിലയിരുത്തൽ നടത്തി റിപ്പോർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നല്കണം.

### 7. പരിശീലന പരിപാടികൾ

ആരോഗ്യ ജാഗ്രതാ ക്യാമ്പയിൻ സംബന്ധിച്ച മാർഗരേഖ അവതരണം ജില്ലാതലം മുതൽ തദ്ദേശസ്ഥാപന വാർഡ്തലം വരെ നടത്തേണ്ടതാണ്. ജില്ലാതലത്തിൽ ആരോഗ്യവകുപ്പ്, ജില്ലാതല ഏകോപനസമിതിയിൽ ഉൾപ്പെടുന്ന ഏജൻസികളും തദ്ദേശ സ്ഥാപന തലത്തിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമാണ് സംഘാടന ചുമതല. പരിശീലന ഏകോപനചുമതല കില നിർവഹിക്കേണ്ടതാണ്.

### 8. കാമ്പെയ്ന് പ്രവർത്തനങ്ങൾ

#### എ. വിദ്യാർത്ഥികൾ മുഖേനയുള്ള കാമ്പെയ്ന്

- കുടുംബശ്രീ-ബാലസഭാംഗങ്ങൾ, എൻ.എസ്.എസ്, എസ്.പി.സി, എൻ.സി.സി, ഭാരത് സ്കൗട്ട് ആൻറ് ഗൈഡ്സ് അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ അവരുടെ വീടുകളിലെ പാഴ്വസ്തുക്കൾ, ഇ-മാലിന്യം എന്നിവ തരംതിരിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറുന്ന കാമ്പെയ്ന് പ്രത്യേകമായി നടപ്പിലാക്കേണ്ടതാണ്
- അംഗൻവാടികളെ പ്രധാന കേന്ദ്രമാക്കികൊണ്ട് ഇതിനുള്ള പ്രചാരണ പരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്
- മികച്ച രീതിയിൽ പാഴ്വസ്തുക്കൾ തരംതിരിച്ച് കൈമാറുന്ന വിദ്യാർത്ഥികൾക്ക് ജില്ലാ ശുചിത്വമിഷനുകളുടെ സഹകരണത്തോടെ പ്രകൃതി സൗഹൃദ ഉത്പന്നങ്ങൾ സമ്മാനമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടതാണ്. ശുചിത്വമിഷൻ/ഹരിതകേരളം മിഷൻ എന്നീ ഏജൻസികൾ പ്രത്യേക പ്രചാരണ പരിപാടികൾ ഇതിനായി സംഘടിപ്പിക്കേണ്ടതാണ്
- കാമ്പെയ്ന് സംബന്ധിച്ച് വിവിധ പ്രചാരണ പരിപാടികൾ പ്രത്യേകമായി ഹരിതകേരളം മിഷനും ശുചിത്വമിഷനും നടപ്പാക്കേണ്ടതാണ്

#### ബി. പാഴ്വസ്തു സമാഹരണ യജ്ഞം

- ഓരോ ജില്ലകളിലേയും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒരേ ദിവസം പാഴ്വസ്തു സമാഹരണ യജ്ഞം സംഘടിപ്പിക്കേണ്ടതാണ്

- ജില്ലയുടെ ചുമതലയുള്ള ബഹു. മന്ത്രിമാരെക്കൊണ്ട് ജില്ലാതല ഉദ്ഘാടനം നിർവഹിപ്പിക്കാവുന്നതാണ്
- ഏകോപനത്തിനായി ജില്ലാതല ടാസ്ക്ഫോഴ്സ്, ജില്ലാതല ഏകോപന സമിതി എന്നിവർ യോഗം ചേർന്ന് കർമപദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്

**സി. സർക്കാർ സ്ഥാപനങ്ങൾ/ പൊതുസ്ഥാപനങ്ങളിൽ നിന്നുമുള്ള പാഴ്വസ്തു ശേഖരണ യജ്ഞം**

സർക്കാർ ഓഫീസുകൾ, ആശുപത്രികൾ, കോളേജുകൾ, സ്കൂളുകൾ, പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഹരിതകർമ്മസേന മുഖാന്തരം പാഴ്വസ്തുക്കൾ, ഇ-മാലിന്യങ്ങൾ എന്നിവ ഒരേദിവസം ശേഖരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുന്ന പരിപാടി നടപ്പാക്കേണ്ടതാണ്.

**ഡി. ഹരിതകർമ്മസേന മുഖാന്തിരം നടത്തേണ്ട കാമ്പെയ്ന് പ്രവർത്തനങ്ങൾ**

- വീടുകളിലും സ്ഥാപനങ്ങളിലും സന്ദർശനം നടത്തി മാലിന്യം തരംതിരിക്കൽ സംബന്ധിച്ച സന്ദേശങ്ങൾ, തരംതിരിച്ച് കൈമാറുമ്പോഴുള്ള ആരോഗ്യ നേട്ടങ്ങൾ എന്നിവ വീട്/സ്ഥാപന ഉടമകൾക്ക് കൈമാറുക
- കൊതുക നിവാരണ പ്രവർത്തനങ്ങൾ പറഞ്ഞുകൊടുക്കുക; ഉറവിട നശീകരണത്തിന് സഹായം ഉറപ്പാക്കുക
- പൊതുശുചീകരണ യജ്ഞങ്ങളിൽ പങ്കാളികളാകുന്നതിന് വീട്ടുടമസ്ഥരേയും സ്ഥാപന ഉടമകളേയും പ്രേരിപ്പിക്കുക
- പ്രകൃതി സൗഹൃദ ഉത്പന്നങ്ങൾ ഉപയോഗിക്കുന്നതിന് പ്രോത്സാഹനം നൽകുക
- ഗ്രീൻ പ്രോട്ടോക്കോൾ ബോധ്യപ്പെടുത്തുക
- വിദ്യാർത്ഥികളിൽ മാലിന്യ സംസ്കരണ ശീലവത്ക്കരണമുണ്ടാക്കുന്നതിന് ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക

**ഇ. വിവര വിജ്ഞാന വ്യാപനം**

ചിട്ടയായ മാലിന്യ സംസ്കരണത്തിലൂടെ ജലജന്യരോഗങ്ങളേയും പ്രാണി- ജന്തുജന്യ രോഗങ്ങളേയും പ്രതിരോധിക്കാമെന്ന വസ്തുത ഓരോ വ്യക്തിയിലും എത്തിക്കുന്നതിന് അനുയോജ്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഇതിനായി ഹരിതകേരളം മിഷനും ശുചിത്വമിഷനും ആരോഗ്യ വകുപ്പും പ്രസിദ്ധീകരിച്ചിട്ടുള്ള കുറിപ്പുകളും പുസ്തകങ്ങളും പ്രയോജന പ്പെടുത്താവുന്നതാണ്.

**എഫ്. ഗ്രീൻപ്രോട്ടോക്കോൾ**

- ഉത്സവങ്ങൾ, ആഘോഷങ്ങൾ, സമ്മേളനങ്ങൾ, ഘോഷയാത്രകൾ, ആചാരാനുഷ്ഠാനങ്ങൾ, വിവാഹങ്ങൾ തുടങ്ങിയ എല്ലാ പരിപാടികളിലും, സർക്കാർ/ സർക്കാരിതര ഓഫീസുകളിലും, സ്ഥാപനങ്ങളിലും, ഓഡിറ്റോറിയങ്ങളിലും, റസ്റ്റോറൻറുകളിലും, വീടുകളിലും നടക്കുന്ന ചടങ്ങുകളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളും ജനപ്രതിനിധികളും പൊതു പ്രവർത്തകരും മുൻകൈയെടുക്കണം.
- എല്ലാത്തരം നിരോധിത പ്ലാസ്റ്റിക് കാരിബാഗുകൾ, പ്ലാസ്റ്റിക്/പേപ്പർ കപ്പുകൾ/ പ്ലേറ്റുകൾ, കവറുകൾ എന്നിവ ഒഴിവാക്കി പ്രകൃതി സൗഹൃദ വസ്തുക്കളാൽ നിർമിതമായ സഞ്ചികൾ, സ്റ്റീൽ/മൺ/ചില്ല് കപ്പുകൾ, സ്റ്റീൽ/ചില്ല്/സിറാമിക്

പ്ലേറ്റുകൾ എന്നിവ ഉപയോഗിച്ചാൽതന്നെ മാലിന്യം വലിയൊരളവിൽ കുറയുകയും അത്തരം മാലിന്യങ്ങൾ പൊതുസ്ഥലം, ഓട, തോട്, പുഴ എന്നിവയിലേയ്ക്ക് വലിച്ചെറിയുന്നതും കത്തിയ്ക്കുന്നതും മൂലമുണ്ടാകുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരമാകുകയും ചെയ്യും.

- പകർച്ചവ്യാധി പ്രതിരോധ കാമ്പെയ്നുമായി ബന്ധപ്പെട്ട് എല്ലാ ജനപ്രതിനികൾ, ഉദ്യോഗസ്ഥർ, പൊതു പ്രവർത്തകർ എന്നിവർക്ക് സ്വന്തം വീട്ടിൽ കമ്പോസ്റ്റിംഗ് ചെയ്യും തങ്ങളുമായി ബന്ധപ്പെട്ട സ്ഥാപനം, പൊതു സ്ഥാപനം, പൊതു/സ്വകാര്യ ചടങ്ങുകൾ, ഉത്സവങ്ങൾ എന്നിവയ്ക്കും ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കിയും മാതൃകയാകാൻ കഴിയണം.
- ഗ്രീൻ പ്രോട്ടോക്കോൾ പാലനം പകർച്ചവ്യാധി പ്രതിരോധനത്തിന് ഒരു ഘടകം എന്ന ആശയം സമൂഹത്തിന് ബോദ്ധ്യപ്പെടുത്തുന്നതിനുള്ള പ്രചാരണ പരിപാടിയായി സംഘടിപ്പിക്കേണ്ടതാണ്.
- വാർഡ് മെമ്പർമാർ/കൗൺസിലർമാർ, ആരോഗ്യ ശുചിത്വപോഷണ സമിതി വോളണ്ടിയർമാർ എന്നിവർ ഇക്കാര്യത്തിൽ മുൻകൈയെടുക്കേണ്ടതാണ്.

## 9. സർക്കാർ ഉത്തരവുകൾ നടപ്പാക്കൽ

പ്ലാസ്റ്റിക്, ഫ്ളക്സ്, ഒറ്റത്തവണ ഉപയോഗിക്കുന്ന വസ്തുക്കളുടെ നിരോധനം, തദ്ദേശ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി സംബന്ധിച്ച സർക്കാർ ഉത്തരവുകൾ യഥാവിധി പാലിക്കുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്

## 10. പ്രവർത്തന കലണ്ടർ

| ക്രമ നം | പ്രവർത്തന ഘടകം | ഉത്തരവാദിത്വം | പങ്കെടുക്കേണ്ടവർ | സമയക്രമം |
|---|---|---|---|---|
| 1 | ആരോഗ്യജാഗ്രത 2021, രോഗപ്രതിരോധ യജ്ഞം സംസ്ഥാനതല ഉദ്ഘാടനം (തിരുവനന്തപുരം) | തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ് | ബഹു. മന്ത്രിമാർ, ജനപ്രതിനിധികൾ, വിവിധ വകുപ്പ് മേധാവികൾ, ഉദ്യോഗസ്ഥർ | 2022 ഫെബ്രുവരി |
| 2 | സംസ്ഥാനതല നേതൃത്വ ബോധവത്കരണ പരിശീലന പരിപാടി (വെർച്വൽ കോൺഫറൻസ്) | തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ്, കില, ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ | വിവിധ വകുപ്പ് മേധാവികൾ, മിഷൻ ഡയറക്ടർമാർ, ജില്ലാ മേധാവികൾ | 2022 ഫെബ്രുവരി അവസാന വാരം |
| 3 | മാധ്യമ മാധ്യമ പ്രവർത്തകർക്കായുള്ള ശില്പശാല | ആരോഗ്യവകുപ്പ്, പി.ആർ.ഡി | മാധ്യമ പ്രവർത്തകർ | 2022 മാർച്ച് 1 ന് മുമ്പ് |

| | | | | |
|---|---|---|---|---|
| 4 | ജില്ലാതല നേതൃത്വ ബോധവത്കരണ പരിശീലന പരിപാടി | ജില്ലയുടെ ചുമതലയുള്ള ബഹു. മന്ത്രി, എം.പി., എം.എൽ.എ.മാർ, ആരോഗ്യം, പഞ്ചായത്ത്, നഗരകാര്യം, ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ, ജില്ലാ മേധാവികൾ | തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ, മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് സൂപ്പർവൈസർമാർ, ഹരിത കേരളം, ശുചിത്വമിഷൻ, കുടുംബശ്രീ ഉദ്യോഗസ്ഥർ, ജില്ലാ പ്രോഗ്രാം മാനേജർ ആരോഗ്യകേരളം | 2022 മാർച്ച് 5 ന് മുമ്പ് |
| 5 | നഗരസഭ/ബ്ലോക്ക്/ ഗ്രാമ പഞ്ചായത്ത്തല നേതൃത്വ ബോധവത്കരണ പരിശീലന പരിപാടി | തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ, മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് ഓഫീസർമാർ/ ഹെൽത്ത് സൂപ്പർ വൈസർമാർ /ഹെൽത്ത് ഇൻസ്പെക്ടർമാർ, ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ, കുടുംബശ്രീ, കില | തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ, ആരോഗ്യ സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺമാർ, ആരോഗ്യ ശുചിത്വ പോഷണ സമിതി അംഗങ്ങൾ, ശുചിത്വ സ്ക്വാഡ്/ ആരോഗ്യ സേന, ഹരിതകർമ്മസേന, കുടുംബശ്രീ, ബന്ധപ്പെട്ട മിഷനുകളുടേയും വകുപ്പുകളുടേയും ഉദ്യോഗസ്ഥർ, സി.ഡി.പി.ഒ.മാർ, റിസോഴ്സ് പേഴ്സൺമാർ | 2022 മാർച്ച് 10 മുതൽ |
| 6 | ആരോഗ്യ സ്ഥാപന /ആശുപത്രി ശുചീകരണം | ആരോഗ്യ സ്ഥാപന/ആശുപത്രി മേധാവികൾ | ജീവനക്കാർ | 2022 മാർച്ച് 15 മുതൽ |
| 7 | ആരോഗ്യ ജാഗ്രതാ ഗൃഹസന്ദർശനം, രോഗപ്രതിരോധ അവസ്ഥാ നിണർയം | തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ് | ബഹു. മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ.മാർ, മറ്റ് ജനപ്രതിനിധികൾ | 2022 ഏപ്രിൽ 1 മുതൽ |

| | | | | |
|---|---|---|---|---|
| 8 | തദ്ദേശ സ്വയംഭരണ സ്ഥാപനതല പ്രത്യേക യോഗം | പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ | ഭരണസമിതി അംഗങ്ങൾ | 2022 ഏപ്രിൽ 5 മുതൽ 16 വരെ (ഏപ്രിൽ 16 ന് ദേശീയ ഡെങ്കിപ്പനി ദിനാചരണം) |
| 9 | പ്രത്യേക ഗ്രാമസഭയും ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണവും (ആരോഗ്യ ജാഗ്രതാ ഗ്രാമസഭ) | പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ | ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ | 2022 ഏപ്രിൽ 5 മുതൽ |
| 10 | മാർക്കറ്റുകൾ, സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ, ഓടകൾ എന്നിവ ശുചീകരിച്ച് ആരോഗ്യ ജാഗ്രതാ പ്രവർത്തനം | തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ, ആരോഗ്യ വകുപ്പ് | ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ, അനുബന്ധ വകുപ്പ് ഉദ്യോഗസ്ഥർ | |
| 11 | ആരോഗ്യ ശുചിത്വ പോഷണ സമിതി പ്രത്യേക യോഗവും ശുചിത്വ മാപ്പിംഗിന് വേണ്ടിയുള്ള വാർഡ് ലെവൽ മൈക്രോ പ്ലാൻ തയ്യാറാക്കലും | തദ്ദേശ സ്ഥാപന സെക്രട്ടറി, ആരോഗ്യ വകുപ്പ്, കുടുംബശ്രീ | ആരോഗ്യ ശുചിത്വ പോഷണ സമിതി അംഗങ്ങൾ, ആരോഗ്യ സേന, ഹരിതകർമസേന, ഹരിത കേരളം മിഷൻ/ ശുചിത്വമിഷൻ റിസോഴ്സ് പേഴ്സൺമാർ, കുടുംബശ്രീ ഉദ്യോഗസ്ഥർ തുടങ്ങിയവർ | 2022 ഏപ്രിൽ 10 മുതൽ |
| 12 | ശുചിത്വ മാപ്പിങ് | തദ്ദേശ സ്ഥാപന സെക്രട്ടറി, ആരോഗ്യ വകുപ്പ്, കുടുംബശ്രീ | ആരോഗ്യ ശുചിത്വ പോഷണ സമിതി അംഗങ്ങൾ, ആരോഗ്യസേന, ഹരിതകർമസേന, ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ, കുടുംബശ്രീ ഉദ്യോഗസ്ഥർ തുടങ്ങിയവർ | 2022 ഏപ്രിൽ 10 മുതൽ |

| | | | | |
|---|---|---|---|---|
| 13 | ആരോഗ്യ ശുചിത്വ പോഷണ സമിതി പ്രത്യേക യോഗവും അയൽക്കൂട്ട യോഗങ്ങളും വാർഡ്തല മാതൃകാ പ്ലാൻ തയ്യാറാക്കലും | തദ്ദേശ സ്ഥാപന സെക്രട്ടറി, ആരോഗ്യ വകുപ്പ്, കുടുംബശ്രീ | അയൽക്കൂട്ടങ്ങൾ, വാർഡ്തല കർമ്മസമിതി അംഗങ്ങൾ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ | 2022 ഏപ്രിൽ 15 മുതൽ |
| 14 | വാർഡ്തല മാതൃകാ പ്ലാൻ പഞ്ചായത്ത് സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നു | ആരോഗ്യ-ശുചിത്വ പോഷണ സമിതി | ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി | 2022 ഏപ്രിൽ 20 മുതൽ |
| 15 | വാർഡ്തല മാതൃകാ പ്ലാൻ പഞ്ചായത്ത് സമിതി അംഗീകരിക്കുന്നു | ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി | ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി | 2022 ഏപ്രിൽ 23 മുതൽ |
| 16 | വാർഡ്തല ആരോഗ്യ ജാഗ്രതാ ബോധവത്കരണ പ്രതിരോധ പ്രവർത്തനങ്ങൾ ഗാർഹിക/ സ്ഥാപന/പൊതു തലങ്ങളിൽ നടപ്പാക്കുന്നു | തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, കുടുംബശ്രീ | ആരോഗ്യ ശുചിത്വ പോഷണ സമിതി അംഗങ്ങൾ, ആരോഗ്യസേന, ഹരിതകർമ്മസേന, കുടുംബശ്രീ പ്രവർത്തകർ, മറ്റു വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ | 2022 ഏപ്രിൽ 25 ന് മുമ്പ് |
| 17 | രോഗ പ്രതിരോധ ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ - കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രത്യേക ഇടപെടലുകൾ | കുടുംബശ്രീ മിഷൻ | കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾ | 2022 ഏപ്രിൽ 25 മുതൽ |
| 18 | എല്ലാ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിലും ആരോഗ്യ ജാഗ്രതാ പാലനം വിലയിരുത്തൽ | തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ | ജനപ്രതിനിധികൾ, സ്ഥാപന മേധാവികൾ, ഉദ്യോഗസ്ഥർ | |

| | | | | |
|---|---|---|---|---|
| 19 | ആരോഗ്യ ജാഗ്രത ബോധവത്കരണ പ്രവർത്തനങ്ങൾ, ഇടപെടലുകൾ, സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും ഉത്സവങ്ങളിലും പൊതുപരിപാടികളിലും ഭവനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ; മാർക്കറ്റുകൾ, വ്യാപാര സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ തുടങ്ങിയവയിൽ പ്രത്യേക ഇടപെടലുകൾ | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി.ആർ.ഡി., ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ, കുടുംബശ്രീ | അയൽക്കൂട്ട വാർഡ്തല കർമസമിതി അംഗങ്ങൾ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ, പൊലീസ് ഉദ്യോഗസ്ഥർ | 2022 ഏപ്രിൽ 25 മുതൽ |
| 20 | വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ ശുചീകരണം | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി.ആർ.ഡി., ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ, കുടുംബശ്രീ | ആരോഗ്യ ശുചിത്വ പോഷണ സമിതി അംഗങ്ങൾ, ആരോഗ്യ സേന, ഹരിതകർമ സേന, ശുചീകരണ ജീവനക്കാർ, കുടുംബശ്രീ, പൊതുജനങ്ങൾ തുടങ്ങിയവർ | 2022 ഏപ്രിൽ 25 മുതൽ |
| 21 | തുടർന്ന് ആഴ്ചയിലൊരിക്കൽ ആരോഗ്യ ജാഗ്രതാ ദിനാചരണം - ഡ്രൈ ഡേ - വെള്ളിയാഴ്ച സ്കൂളുകളിൽ, ശനിയാഴ്ച ഓഫീസുകളിൽ, ഞായറാഴ്ച വീടുകളിലും പൊതുസ്ഥലങ്ങളിലും | അദ്ധ്യാപകർ, വിദ്യാർത്ഥി പ്രതിനിധികൾ, സ്ഥാപന മേധാവികൾ, പൊതുജനങ്ങൾ | അദ്ധ്യാപകർ, വിദ്യാർത്ഥികൾ, സ്ഥാപന മേധാവികൾ, പൊതുജനങ്ങൾ | |

| | | | | |
|---|---|---|---|---|
| 22 | കഴിഞ്ഞ കാലങ്ങളിൽ ഡെങ്കി/ മലമ്പനി ബാധിത പ്രദേശങ്ങളിൽ/ കൊതുക് സാന്ദ്രത കൂടിയ സ്ഥലങ്ങൾ / മറ്റ് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ കൊതുകുകൾ പെരുകുന്നതിന് എതിരെ പ്രത്യേകം ഇടപെടലുകൾ - ജലക്ഷാമമുള്ള സ്ഥലങ്ങളിൽ ജലം സുരക്ഷിതമായി അടച്ചു വയ്ക്കുവാനുള്ള നിർദ്ദേശം | തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ് | ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, ആരോഗ്യ ശുചിത്വ പോഷണ സമിതി അംഗങ്ങൾ, ആരോഗ്യ സേന, ഹരിത കർമ്മസേന, ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ, കുടുംബശ്രീ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ തുടങ്ങിയവർ | 2022 ഏപ്രിൽ 25 മുതൽ |
| 23 | എല്ലാ വീടുകളിലും ആരോഗ്യ ജാഗ്രതാ പാലനം വിലയിരുത്തൽ | തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ്, ശുചിത്വമിഷൻ, കുടുംബശ്രീ | ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, ആരോഗ്യ ശുചിത്വ പോഷണ സമിതി അംഗങ്ങൾ, ആരോഗ്യസേന, ഹരിതകർമസേന, ഹരിത കേരളം, ശുചിത്വമിഷൻ, കുടുംബശ്രീ ഉദ്യോഗസ്ഥർ തുടങ്ങിയവർ | 2022 ഏപ്രിൽ 25 മുതൽ |
| 24 | നഗരസഭകൾക്ക വേണ്ടി പ്രത്യേക പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ | തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, ശുചിത്വമിഷൻ | ആരോഗ്യ വകുപ്പ് / നഗരസഭ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ, ആരോഗ്യ ശുചിത്വ പോഷണ സമിതി അംഗങ്ങൾ, ആരോഗ്യ സേന, ഹരിതകർമ്മ സേന, ഹരിത കേരളം, ശുചിത്വമിഷൻ, കുടുംബശ്രീ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ തുടങ്ങിയവർ | 2022 ഏപ്രിൽ 25 മുതൽ |

| | | | | |
|---|---|---|---|---|
| 25 | തുടർന്ന് പകർച്ചവ്യാധി ഊർജിത നിയന്ത്രണ പ്രവർത്തനങ്ങൾ നഗര/ഗ്രാമ പ്രദേശങ്ങളിൽ | തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ, ആരോഗ്യവകുപ്പ്/ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ | ആരോഗ്യ വകുപ്പ് / നഗരസഭ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ, ആരോഗ്യ ശുചിത്വ പോഷണ സമിതി അംഗങ്ങൾ, ആരോഗ്യ സേന, ഹരിതകർമ സേന, ഹരിത കേരളം, ശുചിത്വമിഷൻ, കുടുംബശ്രീ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ തുടങ്ങിയവർ | 2022 ഏപ്രിൽ 26 മുതൽ |
| 26 | പ്രവർത്തന തുടർച്ച | തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, ഇതര വകുപ്പുകൾ, ബന്ധപ്പെട്ട മിഷനുകൾ | തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, ഇതര വകുപ്പുകൾ, ബന്ധപ്പെട്ട മിഷനുകൾ | 2022 ഏപ്രിൽ 26 മുതൽ |

## 11. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വങ്ങൾ

- മാലിന്യമുക്ത പരിസരം എന്ന ലക്ഷ്യത്തിനായി വാർഡ്തല അടിസ്ഥാനത്തിൽ പ്രവർത്തന പരിപാടി തയ്യാറാക്കുക.
- ഉറവിടത്തിൽ മാലിന്യം തരംതിരിക്കലും മാലിന്യ സംസ്കരണവും സംയോജിത മാലിന്യ സംസ്കരണ പദ്ധതികളും തയ്യാറാക്കൽ.
- ഒറ്റത്തവണ ഉപയോഗിച്ച പ്ലാസ്റ്റിക് വസ്തുക്കൾ, ഡിസ്പോസിബിൾ ഉത്പന്നങ്ങൾ എന്നിവ നിരോധിച്ച സാഹചര്യത്തിൽ കൃത്യമായ ഇടവേളകളിൽ റെയ്ഡ് നടത്തി ശിക്ഷാനടപടികൾ സ്വീകരിക്കണം.
- തദ്ദേശ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി കർശനമായി നടപ്പാക്കൽ
- തെളിനീർ ഒഴുകും നവകേരളം കർമ്മപദ്ധതി തയ്യാറാക്കൽ
- റോഡുകൾ, ഓടകൾ, തോട്, കുളം, കിണർ വൃത്തിയാക്കൽ
- വെള്ളക്കെട്ട് ഒഴിവാക്കൽ, വെള്ളം കെട്ടി നിൽക്കാൻ സാധ്യതയുള്ള സാഹചര്യം ഒഴിവാക്കൽ, മലിനജല നിർമാർജനം
- ടാങ്കുകൾ വൃത്തിയാക്കൽ
- കുറ്റിച്ചെടിയും കുളവാഴ, മുട്ടപ്പായൽ തുടങ്ങിയ ജലസസ്യങ്ങളും മറ്റും നീക്കം ചെയ്യൽ
- കൊതുക്, എലി, മറ്റ് മൃഗങ്ങൾ തുടങ്ങിയവ വഴി ഉണ്ടാകുന്ന രോഗങ്ങളെ പ്രതിരോധിക്കുന്ന പ്രവർത്തനങ്ങൾ
- കൊതുക് പെരുകാൻ സാഹചര്യം ഉള്ള സ്ഥലങ്ങൾ കണ്ടെത്തലും പ്രതിവിധികളും
- പൊതു സ്ഥലങ്ങൾ, തോട്ടങ്ങൾ, നിർമാണ സ്ഥലങ്ങൾ തുടങ്ങിയവയിൽ ശുചിത്വ ആരോഗ്യ പ്രവർത്തന നിരീക്ഷണം, നിയന്ത്രണം

- ഹോട്ട് സ്പോട്ടുകൾ (പകർച്ചവ്യാധി പടർന്നു പിടിയ്ക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ) നിശ്ചയിക്കൽ
- സംഭരിച്ച് സൂക്ഷിച്ചിരിക്കുന്ന ജലം ശുചിത്വമുള്ളതാണെന്നും അതിൽ കൊതുക് പെരുകുന്നില്ല എന്നും ഉറപ്പാക്കൽ.
- ജലവിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണി
- വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ
- ആരോഗ്യ സ്ഥാപനങ്ങളിൽ പകർച്ചവ്യാധികൾക്കുള്ള ചികിത്സാ സൗകര്യങ്ങളും ഔഷധ ലഭ്യതയും ഉറപ്പാക്കൽ
- പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായം (മാനവശേഷി, സാധന സാമഗ്രികൾ, ഫണ്ട് മുതലായവ) ആരോഗ്യ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.
- ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കൽ-സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധനയും വിലയിരുത്തലും നടത്തി മികച്ചവ കണ്ടെത്തി പുരസ്കാരം നൽകുക.
- സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതു പരിപാടികൾ, ആഘോഷങ്ങൾ, വിവാഹങ്ങൾ, ഉത്സവങ്ങൾ എന്നിവയും സ്വകാര്യ സ്ഥാപനങ്ങൾ, ഓഡിറ്റോറിയങ്ങൾ, ഹോട്ടലുകൾ എന്നിവിടങ്ങളും ഗ്രീൻ പ്രോട്ടോക്കോൾ പരിധിയിൽ കൊണ്ടുവരിക.
- ഇതനുസരിച്ച് എല്ലാ പഞ്ചായത്ത്/നഗരസഭാ പ്രദേശത്തേയും എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ പാലനം പരിശോധിച്ച് മികച്ച നിലവാരമുള്ളതിന് പ്രോത്സാഹന സമ്മാനവും ഇനിയും പാലിക്കാത്തവർക്ക് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തന കലണ്ടറും തയ്യാറാക്കി നൽകേണ്ടതാണ്.
- ഗ്രീൻ പ്രോട്ടോക്കോൾ എന്നത് ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്ന ഒരു പ്രക്രിയ കൂടിയാണ്.
- ശുചിത്വ സ്ക്വാഡുകൾ ശുചിത്വ മാപ്പിംഗിലൂടെ കണ്ടെത്തുന്ന കാടുകയറി കിടക്കുന്ന പറമ്പുകൾ വൃത്തിയാക്കാൻ ഉടമയോട് ആവശ്യപ്പെടുകയും ഉടമ സ്ഥലത്തില്ലാതിരിക്കുകയോ നടപടി എടുക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം പറമ്പ് വൃത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുകയും അതിനായി വരുന്ന ചെലവ് ഉടമയിൽ നിന്ന് ഈടാക്കുകയും ചെയ്യുന്ന ഉത്തരവാദിത്വം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്കായിരിക്കും. (കേരള മുനിസി പ്പാലിറ്റി നിയമം 427, കേരള പഞ്ചായത്തീരാജ് ആക്ട് 239)
- ഇത്തരം വീടുകളിലെ ടെറസ്, സൺഷേഡ് മുതലായവയിലും ടോയ്ലറ്റ് സീലുകളിലും കൊതുക് മുട്ടയിടുന്ന സാഹചര്യം ഒഴിവാക്കണം. ആവർത്തിച്ച് പൊതുജനാരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന സ്ഥാപനങ്ങളുടേയും വീടുകളുടേയും വിവരങ്ങൾ പൊതുജന മധ്യത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡുതല ശുചിത്വ സമിതികൾ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ മസ്റ്റർ റോൾ സൂക്ഷിച്ചുവയ്ക്കേണ്ടതാണ്.
- ബദൽ ഉത്പന്നങ്ങളുടെ പ്രദർശനവും വിൽപനയും കുടുംബശ്രീ മുഖേന നടത്തുക
- ഗ്രീൻ പ്രോട്ടോക്കോൾ യൂണിറ്റുകൾ സജ്ജീകരിക്കുക

- എല്ലാ തദ്ദേശ സ്ഥാപനതലത്തിലും സ്ഥിരം സ്വാപ്പ് ഷോപ്പുകൾ/റിപ്പയർ ഷോപ്പുകൾ എന്നിവ കുടുംബശ്രീ മുഖേന തുടങ്ങുക; നിലനിർത്തുക
- മിനി എം.സി.എഫ്., എം.സി.എഫ്., ആർ.ആർ.എഫ്. എന്നിവ പ്രവർത്തന ക്ഷമമാക്കൽ

## 12. തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കുള്ള പൊതു നിർദ്ദേശങ്ങൾ

- സർക്കാർ നിർദ്ദേശങ്ങളനുസരിച്ച്, വാർഡ്തല പകർച്ചകവ്യാധി പ്രതിരോധ ശുചിത്വ പ്രവർത്തനങ്ങൾ കൃത്യമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട പഞ്ചായത്ത്/ നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.
- ആയതിന്റെ പരിപൂർണ്ണ ഔദ്യോഗിക ഉത്തരവാദിത്വവും സെക്രട്ടറിമാർക്ക് തന്നെ ആയിരിക്കുന്നതുമാണ്.
- ചെലവ് സംബന്ധിച്ച വൗച്ചറുകൾ യഥാസമയം ബന്ധപ്പെട്ട സെക്രട്ടറിമാർ വാർഡ് സമിതികളിൽനിന്നും ശേഖരിക്കേണ്ടതാണ്. സെക്രട്ടറിമാർ ഒറിജിനൽ വൗച്ചറുകൾ പഞ്ചായത്ത്/നഗരസഭ/ കോർപ്പറേഷനുകളിൽ സൂക്ഷിക്കുകയും കമ്മിറ്റിയുടെ അംഗീകാരത്തോടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് അതാത് ഏജൻസികൾക്ക് നൽകേണ്ടതുമാണ്
- പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ പ്രതിവാര പുരോഗതി ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിലെ ഓഫീസ് ബോർഡിൽ സെക്രട്ടറിമാർ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.
- മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലെ സെക്രട്ടറിമാരുടെ ചുമതല സംബന്ധിച്ച സർക്കാർ ഉത്തരവ് ഉറപ്പായും പാലിക്കേണ്ടതാണ്

## 13. സാമ്പത്തിക വിശകലനം

### എ. ഫണ്ട് വരവ് ചെലവ് സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ

- ഫണ്ട് വിവിധ സ്രോതസുകളിൽനിന്ന് ഗ്രാമപഞ്ചായത്ത്/നഗരസഭ/മുനിസിപ്പൽ കോർപ്പറേഷനുകൾ ലഭ്യമാക്കുന്നു.
- ഗ്രാമപഞ്ചായത്തിന്/നഗരസഭയ്ക്ക് മഴക്കാലപൂർവ ശുചീകരണത്തിന് വാർഡൊന്നിന് ചെലവഴിക്കാവുന്ന പരമാവധി തുക: രൂ. 30,000 (വാർഡൊന്നിന് ശുചിത്വ മിഷൻ വിഹിതം 10,000/, എൻ.എച്ച്.എം വിഹിതം 10,000/ തനത് ഫണ്ട് 10,000/). മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് രൂ.40,000/ (വാർഡൊന്നിന് ശുചിത്വമിഷൻ വിഹിതം 20,000/ എൻ.എച്ച്.എം 10,000/, തനത് ഫണ്ട് 10,000/)
- ശുചിത്വമിഷന്റെ വിഹിതമായ 10,000/ രൂപ സർക്കാർ തീരുമാനപ്രകാരം ഗ്രാമ പഞ്ചായത്ത്/നഗരസഭ (കോർപ്പറേഷനുകൾക്ക് 20,000/ രൂപ) കൈമാറുന്നു. മുൻ വർഷത്തെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമായിരിക്കും തുക നൽകുന്നത്. കഴിഞ്ഞ വർഷത്തെ തുക മിച്ചമുണ്ടെങ്കിൽ അതു കിഴിവ് ചെയ്ത ശേഷമായിരിക്കും ഫണ്ട് നൽകുന്നത്. ഈ നിബന്ധന എൻ.എച്ച്.എം വിഹിതത്തിനും തദ്ദേശ സ്വയംഭരണസ്ഥാപന വിഹിതത്തിനും ബാധകമായിരിക്കും. തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഡ് ശുചിത്വ സമിതിക്ക് കൈമാറുന്നു.
- ശുചിത്വമിഷനിൽ നിന്നും മഴക്കാല പൂർവ ശുചീകരണ പ്രവർത്തനത്തിന് ലഭിച്ച മുൻകൂർ തുക ഉൾപ്പെടെയുള്ള തുകകളുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ്

(നൽകാത്ത ഗ്രാമ/ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ) ജില്ലാ ശുചിത്വ മിഷന് നൽകേണ്ടതാണ്.

- 2020-21 പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്ക് ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് 2022 മാർച്ച് 31 ന് മുമ്പ് അതാത് തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ ജില്ലാ ശുചിത്വമിഷനെ ഏൽപ്പിക്കേണ്ടതാണ്.
- വിവിധ സ്രോതസുകളിൽ നിന്നും ലഭിക്കുന്ന തുക വാർഡ്തല ആരോഗ്യ- ശുചിത്വ-പോഷണ സമിതി അക്കൗണ്ടിൽ വരുത്തേണ്ടതും ലഭിക്കുന്ന സ്രോതസടിസ്ഥാനത്തിൽ പ്രത്യേകം കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിലാകണം വിനിയോഗ സർട്ടിഫിക്കറ്റ് നൽകേണ്ടത്.
- വാർഡ്തല ശുചിത്വ സമിതി കൂടി വിശദമായ ചർച്ചകൾ നടത്തി മാത്രം വാർഡ് പ്രവർത്തന രേഖ തയ്യാറാക്കണം
- വാർഡ്തല ശുചിത്വ സമിതി തയ്യാറാക്കുന്ന പ്രവർത്തന രേഖയുടെ രണ്ട് കോപ്പികൾ പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കണം
- വാർഡ്തല പ്രവർത്തന രേഖ പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ സമിതി പരിശോധിച്ചും അനിവാര്യമായ ഭേദഗതികളുണ്ടെങ്കിൽ മാറ്റം വരുത്തിയതിനുശേഷം കമ്മിറ്റി അംഗീകരിക്കേണ്ടതുമാണ്.
- പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ കമ്മിറ്റി അംഗീകരിച്ച പ്രവർത്തനരേഖയുടെ ഒരു പകർപ്പ് ബന്ധപ്പെട്ട കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതും രണ്ടാമത്തെ പകർപ്പ് അംഗീകാര രേഖകളോടെ വാർഡ്തല ശുചിത്വ സമിതിയ്ക്ക് തിരിച്ചു നൽകേണ്ടതുമാണ്.
- അംഗീകരിച്ച വാർഡ്തല പ്രവർത്തന രൂപരേഖയുടെ അടിസ്ഥാനത്തിലായിരിക്കണം പ്രവർത്തനങ്ങളും ചെലവുകളും.
- ഇക്കാര്യത്തിലേയ്ക്ക് ലഭിക്കുന്ന തുക വകമാറ്റി ചെലവഴിക്കാൻ പാടുള്ളതല്ല. ആയതിന്റെ ഉത്തരവാദിത്വം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്കായിരിക്കും.
- വാർഡുതലത്തിൽ നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്ന തദ്ദേശസ്ഥാപന സന്നദ്ധ പ്രവർത്തകർക്ക് ലഘുഭക്ഷണ ചെലവുകൾ ഈ ഫണ്ടിൽ നിന്നും കണ്ടെത്താവുന്നതാണ്

**ബി. ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം - ക്യാമ്പയിൻ നടത്തിപ്പ് സംബന്ധിച്ച ചെലവുകൾ**

- സംസ്ഥാന/ജില്ലാ/ബ്ലോക്ക്/തദ്ദേശസ്വയംഭരണ സ്ഥാപനതലം വരെ പരിശീലന ങ്ങൾക്കുൾപ്പെടെയുള്ള ചെലവ്, ഫണ്ട് ലഭ്യത അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന തനത് ഫണ്ട്/ഹരിതകേരളം മിഷൻ/ ശുചിത്വമിഷൻ/ ആരോഗ്യവകുപ്പ്/ കില ചെലവഴിക്കേണ്ടതാണ്.
- കുട്ടികളെ ഉൾപ്പെടുത്തി നടത്തുന്ന ക്യാമ്പയിൻ പ്രവർത്തനങ്ങൾക്കാവശ്യമായ വാർഡുതല നടത്തിപ്പ് ചെലവ് കുടുംബശ്രീ വഹിക്കേണ്ടതാണ് (ഇതിലേയ്ക്കായി ആവശ്യമുള്ള പക്ഷം ക്യാമ്പ് ഒന്നിന് പരമാവധി 2000/ രൂപ വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വമിഷനിൽ നിന്നും അനുവദിക്കുന്ന മഴക്കാല പൂർവ ശുചീകരണ ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്)

14. അനുബന്ധ ഏജൻസികളുടെ/സമിതികളുടെ ഉത്തരവാദിത്തം

**എ. ജില്ലാതല ഏകോപന സമിതി**

- മാസത്തിൽ രണ്ട് തവണ വീതം ജില്ലാതല ഏകോപന സമിതി യോഗം ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തി ന്യൂനതകൾ പരിഹരിക്കേണ്ടതാണ്
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി നിരന്തരം സമ്പർക്കം പുലർത്തേണ്ടതും പുരോഗതി വിലയിരുത്തേണ്ടതുമാണ്

**ബി. ശുചിത്വമിഷൻ**

- ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും നൽകേണ്ട മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സർക്കാരിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി അനുവദിച്ച് നൽകുക
- സംസ്ഥാന/ജില്ലാ/തദ്ദേശസ്വയംഭരണ സ്ഥാപനതല പരിശീലന പരിപാടികൾക്ക് കിലയോടൊപ്പം ചേർന്ന് പ്രവർത്തിക്കുക
- ഗ്രീൻ പ്രോട്ടോക്കോൾ പ്രചരിപ്പിക്കുക
- തീവ്ര വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾ നടത്തുക
- പ്ലാസ്റ്റിക് നിരോധനം, ഫ്ളക്സ് നിരോധനം എന്നിവ ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള സംവിധാനം ഉറപ്പാക്കൽ

**സി. ഹരിതകേരളം മിഷൻ**

- ജില്ലാടിസ്ഥാനത്തിൽ ഏകോപനം
- ദ്രവ മലിനീകരണത്തിനെതിരെ സ്വീകരിക്കുന്ന നടപടികൾ ഉൾപ്പെടെ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പുരോഗതി വിലയിരുത്തൽ
- ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ
- ഉറവിട മാലിന്യ സംസ്കരണം സംബന്ധിച്ച പ്രചാരണ പരിപാടി
- മാലിന്യം വേർതിരിക്കൽ- ആരോഗ്യ ജാഗ്രതാ - കുട്ടികൾ വഴിയുള്ള പ്രത്യേക ക്യാമ്പയിൻ നടത്തിപ്പ്

**ഡി. ക്ലീൻ കേരള കമ്പനി**

- കൃത്യമായ ഇടവേളകളിൽ അജൈവ മാലിന്യ ശേഖരണം, നീക്കം ചെയ്യൽ, (എം.സി.എഫിൽ നിന്നും ആർ.ആർ.എഫ് ലേയ്ക്കും തുടർന്ന് പുന:ചംക്രമണത്തിനും), പുന:ചംക്രമണം
- പ്രത്യേക ശേഖരണ ഡ്രൈവുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അനുബന്ധ ഏജൻസികളുടേയും സഹകരണത്തിൽ നടത്തി പരമാവധി പാഴ്‌വസ്തുക്കളും ഇ-മാലിന്യങ്ങളും നീക്കം ചെയ്യൽ

**ഇ. കുടുംബശ്രീ മിഷൻ**

- മാലിന്യമുക്ത അയൽക്കൂട്ട, കുടുംബ പരിസരം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തക പരിപാടി ആവിഷ്കരിച്ച് നടപ്പാക്കുക
- കുടുംബശ്രീ ബാലസഭകളുടെ നേതൃത്വത്തിൽ ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ എന്നിവയുമായി സഹകരിച്ച് പ്രത്യേക കാമ്പയ്ന് പ്രവർത്തനങ്ങൾ നടത്തുക

- ഓരോ അയൽക്കൂട്ട കുടുംബവും ഉറവിട മാലിന്യ സംസ്കരണവും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സംഭരിച്ച് കൈമാറുന്നതിലൂടെ മാലിന്യമുക്ത പരിസരം ഉറപ്പാക്കണം.
- അയൽക്കൂട്ട ഭാരവാഹികളുടെ നേതൃത്വത്തിൽ ഓരോ വീടും സന്ദർശിച്ച് വിലയിരുത്തണം
- എ.ഡി.എസ്സിന്റെ നേതൃത്വത്തിൽ രൂപീകരിക്കുന്ന കമ്മിറ്റി അവരുടെ പരിധിയിൽവരുന്ന അയൽക്കൂട്ടങ്ങൾ സന്ദർശിച്ച് ഈ പ്രവർത്തനം വിലിയിരുത്തേണ്ടതാണ്
- കുടുംബശ്രീ അയൽക്കൂട്ടങ്ങളിലൂടെ പകർച്ചവ്യാധികൾക്ക് സാധ്യമായ സാഹചര്യം ഒഴിവാക്കപ്പെട്ട വീടുകളായി മാറിയെന്ന് അയൽക്കൂട്ട സെക്രട്ടറിയും പ്രസിഡൻറും ഉറപ്പാക്കണം. ആയതിന് എ.ഡി.എസ്./സി.ഡി.എസ്. കമ്മിറ്റികൾ നേതൃത്വം നൽകുകകയും വിലയിരുത്തുകയും ചെയ്യണം
- എല്ലാ വീടുകളിലും തുണിസഞ്ചി വിതരണം, ബദൽ ഉത്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും, ബദൽ ഉത്പന്നയൂണിറ്റുകൾ അനുവദിക്കുകയും തൊഴിൽ നൽകുകയും ചെയ്യുക
- ഗ്രീൻപ്രോട്ടോക്കോൾ യൂണിറ്റുകളുടെ പ്രവർത്തനം വ്യാപിപ്പിച്ച് ഗ്രീൻ പ്രോട്ടോക്കോൾ പാലനം ഉറപ്പാക്കുക

**എഫ്. കില**

സംസ്ഥാനതലം മുതൽ ഗ്രാമപഞ്ചായത്ത്തലം വരെയുള്ള പരിശീലന പരിപാടി കളുടെ ഏകോപനം

**ജി. തൊഴിലുറപ്പ മിഷനുകൾ**

വാർഡുതലത്തിൽ മിനി എം.സി.എഫുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ സോക്കേജ് പിറ്റുകൾ നിർമിക്കൽ

## 15. വിവിധ വകുപ്പുകളുടെ ഉത്തരവാദിത്തങ്ങൾ

കൊതുക് നിവാരണത്തിലും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളിലും ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, കൃഷി വകുപ്പ്, സാമൂഹിക നീതി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, പൊതുമരാമത്ത്, ഇറിഗേഷൻ വകുപ്പ്, ജല അതോറിറ്റി, ജലവിഭവ വകുപ്പ്, തൊഴിൽ വകുപ്പ്, ഫിഷറീസ് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പിലെ വിവിധ സ്ഥാപനങ്ങൾ, ഏജൻസികൾ, പൊലീസ് വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവ അവയുടെ ഘടകസ്ഥാപനങ്ങളിലും പദ്ധതികളിലും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും തദ്ദേശസ്ഥാപനങ്ങളുമായി സഹകരിച്ച് മേൽ വിഷയത്തിൽ പ്രവർത്തിക്കേണ്ടതുമാണ്. ജില്ലാതല യോഗങ്ങൾ, തദ്ദേശസ്ഥാപനങ്ങളുടെ യോഗങ്ങൾ എന്നിവയിൽ മേൽ വകുപ്പുകളുടെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തേണ്ടതാണ്. (05.02.2020 ലെ നം. 46/ഡിസി1/2020/തസ്വഭവ ഉത്തരവിലുള്ള പ്രവർത്തനങ്ങൾ ഇതിനായി മറ്റുവകുപ്പുകൾ ഏറ്റെടുക്കേണ്ടതാണ്)

## 16. മോണിറ്ററിങ്

- ജില്ലാതല കോർകമ്മിറ്റി യോഗം 15 ദിവസത്തിലൊരിക്കൽ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. ജില്ലാ വികസന സമിതിയും, ജില്ലാ ആസൂത്രണ സമിതിയും

ഊർജിത പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്. പുറപ്പെടുവിക്കുന്ന മാർനിർദ്ദേശങ്ങൾ നടപ്പാക്കുന്നുണ്ടെന്ന് ജില്ലാതല ഏകോപന സമിതി നിരന്തരമായ അവലോകന യോഗങ്ങളിലൂടെ ഉറപ്പാക്കേണ്ടതാണ്.

- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും അവലോകന സമിതിയുടെ യോഗം രണ്ടാഴ്ചയിലൊരിക്കൽ ചേരണം.
- വാർഡ്തല പ്രവർത്തനങ്ങൾ ഓരോ ആഴ്ചയിലും വാർഡ്തല ആരോഗ്യ- ശുചിത്വ- പോഷണ സമിതി അവലോകനം ചെയ്യേണ്ടതാണ്.

**17. ഡോക്യുമെൻറേഷൻ**

യജ്ഞത്തിന്റെ ഭാഗമായി ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളുടേയും ഫോട്ടോകൾ ഉൾപ്പെടുത്തിയ റിപ്പോർട്ടുകൾ വാർഡ്തലത്തിൽ ശേഖരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡോക്യുമെൻറ് ചെയ്യേണ്ടതാണ്. മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന എല്ലാ പരിപാടികളിലും കോവിഡ് പ്രോട്ടോക്കോൾ പാലിക്കേണ്ടതാണ്.

**ശാരദ മുരളീധരൻ ഐ എ എസ്**
**ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ആരോഗ്യ വകുപ്പ് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എല്ലാ ജില്ലാകളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന )
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,
Barikumar
സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്